പരിഹാരം കാണണമെന്ന് കഴിഞ്ഞദിവസം പറയുകയുണ്ടായി. ഇപ്പോഴത്തെ സഭയെന്നു പറഞ്ഞാൽ വെറുമൊരു ചോദ്യോത്തര സഭയാണ്. എട്ടര മുതൽ ഒൻപതര വരെയുള്ള ചോദ്യോത്തരത്തിനുവേണ്ടി മാത്രം സഭ ഇങ്ങനെ അനിശ്ചിതമായി ചേരേണ്ടതുണ്ടോ? ചോദ്യങ്ങൾക്ക് ഉത്തരം വേണമെങ്കിൽ അംഗങ്ങൾക്ക് എത്തിച്ചുകൊടുക്കാം. അതിനുവേണ്ടി സഭ പ്രത്യേകിച്ച് ചേരേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട്, ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്, പ്രതിപക്ഷത്തിനും ഉത്തരവാദിത്വമുണ്ട്, സഭയ്ക്കും ഉത്തരവാദിത്വമുണ്ട്, ചെയറിനും ഉത്തരവാദിത്വമുണ്ട് ..... അതാണ് വീണ്ടും ഞാനിവിടെ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. ഇന്നത്തെ ഈ സാഹചര്യത്തിൽത്തന്നെ ചെയർ ഒന്നുകൂടി അക്കാര്യം ഓർമ്മിപ്പിക്കുന്നു. ചർച്ചയ്ക്ക് അവസരമുണ്ടാക്കുന്നതിനുകൂടി ചെയർ തയ്യാറാണ്. നിങ്ങൾ പരസ്പരം യോജിക്കുമെങ്കിൽ ഇന്ന് ഈ ദിവസത്തെ സഭാനടപടികൾക്കുശേഷം നമുക്ക് കക്ഷിനേതാക്കളുടെ യോഗം വിളിച്ചുചേർക്കാം. കക്ഷിനേതാക്കളുടെ യോഗം വിളിച്ചുചേർക്കാൻ ചെയർ സന്നദ്ധനാണ്. (തടസ്സം) ..... അതൊക്കെ വേറെ വിഷയം. രാഷ്ട്രീയമായ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇന്നത്തെ സഭാനടപടികൾക്കുശേഷം കക്ഷിനേതാക്കളുടെ യോഗം വരെ വിളിച്ചു ചേർക്കാൻ ചെയർ സന്നദ്ധനാണെന്നകാര്യം സഭാമുൻപാകെ അറിയിക്കുന്നു. ഓർഡർ ..... ഓർഡർ ..... മറ്റു സഭാനടപടികളിലേയ്ക്ക് കടക്കുകയാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, മറ്റു സഭാനടപടികളിലേയ്ക്ക് കടക്കുകയാണ്. ശ്രദ്ധക്ഷണിക്കൽ, ശ്രീമതി ശോഭനാ ജോർജ് ..... ഇല്ല.

ഇന്നത്തെ അജണ്ടയിൽ മൂന്നാമത്തെ ഇനമായി ചട്ടം 300 അനുസരിച്ചുള്ള, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ, ഒരു പ്രസ്താവനയാണ്. പ്രസ്താവന നടത്തേണ്ടതില്ല. ആ രേഖകൾ സഭയുടെ മേശപ്പുറത്തുവച്ചാൽ മതി ..... (ബഹളം) .....

III. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ചു തയ്യാറാക്കിയ പ്രസ്താവനയുടെ രേഖകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.I

IV. ധനകാര്യം

V. 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന XII പോലീസ്, ധനാഭ്യർത്ഥന XIII ജയിലുകൾ, ധനാഭ്യർത്ഥന III നീതിന്യായ നിർവ്വഹണം, ധനാഭ്യർത്ഥന XIV സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഡിമാന്റുകൾ അവതരിപ്പിക്കാം. (ബഹളം)

I അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ2 പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. (ബഹളം)

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. (ബഹളം)

ശ്രീ. ഇ.കെ. നായനാർ : ഇതല്ലേ ഡെമോക്രസി! നിങ്ങളുടെ ഡെമോക്രസി ഇതാണ്. ശ്രീ. പാലോട് രവിയുടെ ഡെമോക്രസി ഇതാണ് (ബഹളം).

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. (ബഹളം)

മി. സ്പീക്കർ : രണ്ട് പ്രമേയങ്ങളും പിന്താങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, അങ്ങയുടെ സ്റ്റേറ്റ്മെന്റ് .....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് XII, XIV എന്നീ നമ്പർ ഡിമാന്റുകളെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.†

മി. സ്പീക്കർ : കട്ട്മോഷനുകൾ ..... (ബഹളം) .....

ധനാഭ്യർത്ഥന നമ്പർ - XII- പോലീസ്: കട്ട്മോഷനുകളില്ല.

ധനാഭ്യർത്ഥന നമ്പർ - XIII- ജയിലുകൾ: കട്ട്മോഷനുകളില്ല.

ധനാഭ്യർത്ഥന നമ്പർ - III- നീതിന്യായ നിർവ്വഹണം: കട്ട്മോഷനുകളില്ല.

ധനാഭ്യർത്ഥന നമ്പർ - XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും: കട്ട്മോഷനുകളില്ല.

കട്ട്മോഷനുകൾ ഒന്നും അവതരിപ്പിച്ചിട്ടില്ല. ചർച്ച ഇല്ല.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ആരും ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല. ധനാഭ്യർത്ഥനകളിൻമേൽ ചർച്ച ഉണ്ടായില്ല.)

---

† അനുബന്ധം XVI (1), XVI(2)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയുവാനുള്ളത് മേശപ്പുറത്തുവയ്ക്കാം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേരളത്തിലെ ക്രമസമാധാന പാലനത്തെപ്പറ്റി പറയുവാനുള്ളത് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-നു വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 27-ാം തീയതി രാവിലെ 8.30-നു വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.57-നു പിരിഞ്ഞു.)

അനുബന്ധം I (1)

(26.6.2000- ലെ ചോദ്യം 5 (*153) കാണുക)

LIST OF CENTRALLY SPONSORED SCHEMES SANCTIONED FOR THE YEAR 1999-2000

No.	Name of the Project	Amount sanctioned (in lakhs)
1.	Waterside Amenity Nedumudi	50.00
2.	Waterside Amenity Kotharathode	50.00
3.	Waterside Amenity Pallathuruthy	50.00
4.	Waterside Amenity Vettakkayal	50.00
5.	Tourist Reception centre at Thekkady, Munnar & Vythiri	75.00
6.	Sewerage and solid waste disposal system at Kovalam	71.19
7.	Integrated development of Vagamon Tourist Resort	25.00
8.	Construction of Yatri Niwas at Mannarkkad	75.00
9.	Integrated development of Napier Museum	34.00
10.	Integrated development of Hill Palace	70.00
11.	Integrated development of Fort Kochi, Mattancherry and Jew Town	75.00
12.	Yatri Niwas at Munnar	75.00
13.	Tourist Ayurvedic Health Centre at Kumarakom	7.50
14.	Tourist Ayurvedic Health Centre at Bolghatty	25.00
15.	Eco-friendly silent generator at Thekkady	38.09
16.	Integrated development of an eco-friendly floating resort at Pathiramanal	100.00

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XV

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(2000 ജൂൺ 26-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക.)

ധനാഭ്യർത്ഥന നം.	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001				
		27-3-2000-ത്തിൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XII	പോലീസ്	1,48,64,07,000	--	2,97,28,12,000	--	2,97,28,12,000
XIII	ജയിലുകൾ	7,04,56,000	--	14,09,12,000	--	14,09,12,000
III	നീതിന്യായ നിർവ്വഹണം	26,88,37,000	--	53,76,75,000	--	53,76,75,000
XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	28,53,32,000	10,50,000	57,06,64,000	21,00,000	57,27,64,000

TENTH KERALA LEGISLATIVE ASSEMBLY

Fourteenth Session

LIST OF DEMANDS FOR GRANTS TO BE SUBMITTED TO THE VOTE OF THE HOUSE

(Vide List of Business for June 26, 2000)

Demand No.	Name of Demand	Budget Estimates for 2000-2001				
		Amount of Demands for Grants on Account voted by the House on 27-3-2000		Amount of Demands for Grants Grants to be submitted to the vote of the House		
		Revenue (Rs)	Capital (Rs)	Revenue (Rs)	Capital (Rs)	Total (Rs)
(1)	(2)	(3)	(4)	(5)	(6)	(7)
XII	Police	1,48,64,07,000	--	2,97,28,12,000	--	2,97,28,12,000
XIII	Jails	7,04,56,000	--	14,09,12,000	--	14,09,12,000
III	Administration of Police	26,88,37,000	--	53,76,75,000	--	53,76,75,000
XIV	Stationery & Printing and other Administrative Services	28,53,32,000	10,50,000	57,06,64,000	21,00,000	57,27,64,000

Secretariate of the Kerala Legislature,
Thiruvananthapuram
June 19, 2000

K. GOPALAKRISHNAN UNNITHAN,
Secretary(in-charge)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVI (1)

സബ്ജക്ട് കമ്മിറ്റി - X

ആഭ്യന്തര കാര്യങ്ങൾ

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന.

ധനാഭ്യർത്ഥന XII - പോലീസ്

ക്രമ നം.	കമ്മിറ്റി ശുപാർശ ഖണ്ഡിക നം.	മറുപടി
1	8	സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് ഈ ശുപാർശ പരിഗണിക്കുന്നതാണ്.

അനുബന്ധം XVI (2)

സബ്ജക്ട് കമ്മിറ്റി - X

ആഭ്യന്തരകാര്യങ്ങൾ

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന.

ധനാഭ്യർത്ഥന XIV - സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

ക്രമ നം.	കമ്മിറ്റി ശുപാർശ ഖണ്ഡിക നം.	മറുപടി
1	11	ഈ വർഷത്തെ ചെലവ് ബഡ്ജറ്റ് തുകയിൽ പരിമിതിപ്പെടുത്തേണ്ടതാണ്. അത്യാവശ്യമായി വന്നാൽ ധനപുനർവിനിയോഗം വഴി അധികം തുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
2	12,13	ധനപുനർവിനിയോഗം വഴി അധിക തുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ബഹുമാനപ്പെട്ട സ്പീക്കർ സർ,

കേരളത്തിലെ ക്രമസമാധാനപാലനരംഗത്ത് ഈ കഴിഞ്ഞ 4 വർഷങ്ങളിലായി ഏറെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതം ഉറപ്പുവരുത്തുവാനും വർഗീയ ലഹളകളില്ലാതാക്കാനും മതസൗഹാർദ്ദം ഉറപ്പുവരുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് നിയമവാഴ്ചയും ക്രമസമാധാനവും, ഏറ്റവും മെച്ചപ്പെട്ട നിലയിലുള്ള സംസ്ഥാനമാണ് ഇന്ന് കേരളം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂട്ടക്കൊലകളും വർഗ്ഗീയ കലാപങ്ങളും തീവ്രവാദികളുടെ പ്രവർത്തനങ്ങളും, ന്യൂനപക്ഷപീഡനങ്ങളും സംബന്ധിച്ച ഞെട്ടിക്കുന്ന വാർത്തകൾ നാം പലപ്പോഴും കേട്ടുകൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ ശാന്തിയും സമാധാനവും മതസൗഹാർദ്ദവും നിലനിൽക്കുന്ന ഒരു തുരുത്തായി കേരളത്തെ നിലനിർത്താൻ കഴിഞ്ഞത് നമുക്ക് ഏവർക്കും അഭിമാനിക്കുവാൻ കഴിയുന്ന കാര്യമാണ്.

കേരള സർക്കാർ പോലീസിൽ പ്രാവർത്തികമാക്കിയ പുരോഗമനപരമായ പല പരിഷ്കാരങ്ങളേയും, നാഷണൽ ഹ്യൂമൺ റൈറ്റ്സ് കമ്മിഷൻ പ്രശംസിച്ചിട്ടുണ്ട്. ഈ പരിഷ്കാരങ്ങൾ മറ്റ് സംസ്ഥാനങ്ങളിലും നടപ്പിലാക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തിട്ടുമുണ്ട്.

1. പോലീസ് വെടിവെപ്പിൽ ഒരാൾക്കുപോലും ജീവൻ നഷ്ടപ്പെട്ടില്ല.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഒരാൾ പോലും പോലീസ് വെടിവെപ്പിൽ മരിച്ചിട്ടില്ല. ബഹുജനങ്ങളുടെ അവകാശ സമരങ്ങളേയും തൊഴിൽ സമരങ്ങളേയും പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്ന നില പൂർണ്ണമായും ഇല്ലാതായി. യു.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ 48 മാസങ്ങളിൽ 109 പോലീസ് വെടിവെയ്പ്പുണ്ടായി. 14 പേർ കൊല്ലപ്പെട്ടു. 120 പേർക്ക് സാരമായി പരിക്കുകളുണ്ടായി. പക്ഷെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പോലീസ് വെടിവെപ്പിൽ ആരും മരിച്ചിട്ടില്ല. ആർക്കും പരിക്കേറ്റിട്ടുമില്ല.

2. പോലീസ് ലാത്തിചാർജ്ജും വിരട്ടിയോടിക്കലും കുറഞ്ഞു.

യു.ഡി.എഫ്. ഭരണകാലത്ത് ആദ്യത്തെ 48 മാസങ്ങളിൽ 31 പോലീസ് ലാത്തിച്ചാർജ്ജുകളിൽ 237 പേർക്ക് പരിക്കേറ്റു. എൽ.ഡി.എഫ്. ഭരണകാലത്ത് ഇതുവരെയായി 10 പോലീസ് ലാത്തിച്ചാർജ്ജുകളേ ഉണ്ടായിട്ടുള്ളൂ. 111 പേർക്ക് പരിക്കേറ്റു. യു.ഡി.എഫ്. ഭരണത്തിന്റെ ആദ്യത്തെ 48 മാസങ്ങളിൽ 4 ലോക്കപ്പ് മരണങ്ങളുണ്ടായി. ഞങ്ങളുടെ ഭരണകാലത്ത് ഇതുവരെയായി ആരും ലോക്കപ്പിൽ മരിച്ചിട്ടില്ല.

3. വർഗ്ഗീയ ലഹളകൾ തടയാനും മതസൗഹാർദ്ദം കാത്തുസൂക്ഷിക്കുവാനും കഴിഞ്ഞു.

നാലുവർഷം മുമ്പ് എൽ.ഡി.എഫ്. അധികാരം ഏറ്റെടുക്കുമ്പോൾ കേരളത്തിന്റെ പല പ്രദേശങ്ങളും വർഗ്ഗീയ സംഘർഷത്തിന്റെ പിടിയിലായിരുന്നു. മനുഷ്യമനഃസാക്ഷിയെ ഞെട്ടിച്ച വിഴിഞ്ഞം കലാപം, പൂന്തുറ കലാപം, പാലക്കാട് കലാപം, മട്ടാഞ്ചേരി കലാപം തുടങ്ങി കേരളത്തിന്റെ പല ഭാഗത്തും വർഗ്ഗീയ സംഘർഷം മുറ്റി നിൽക്കുകയായിരുന്നു. എന്നാൽ കഴിഞ്ഞ നാലുവർഷമായി എൽ.ഡി.എഫ്. സർക്കാർ മതസൗഹാർദ്ദം ശക്തി

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുന്നതിനും വർഗ്ഗീയ ലഹളകൾ തടയുന്നതിനും സ്വീകരിച്ച നടപടികൾ മതസൗഹാർദ്ദം സംരക്ഷിക്കുന്നതിൽ ഏറെ ഫലപ്രദമായിരുന്നു. ഒരു വർഗ്ഗീയ ലഹളപോലും നടക്കാത്തവിധം പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും പൊതുജനസഹകരണം ഉറപ്പുവരുത്തുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. റ്റി.വി. പുരത്തും, ശിവഗിരിയിലും അരുവിപ്പുറത്തും എല്ലാം സമാധാനം സ്ഥാപിക്കാൻ കഴിഞ്ഞത് ഇങ്ങനെയാണ്.

യു.ഡി.എഫ്. ഭരണത്തിന്റെ ആദ്യത്തെ 48 മാസത്തിനകം 33 പേരാണ് വർഗ്ഗീയ ലഹളകളിൽ കൊലചെയ്യപ്പെട്ടത്. 18 ഹിന്ദുമത വിശ്വാസികളും 14 മുസ്ലീംമത വിശ്വാസികളും ഒരു ക്രിസ്ത്യൻ മതവിശ്വാസിയും ഉൾപ്പെടെ 33 ജീവനാണ് യു.ഡി.എഫ്. ഭരണത്തിൽ വർഗ്ഗീയവാദികൾ കവർന്നത്. 1176 വർഗ്ഗീയ സംഘർഷങ്ങൾ യു.ഡി.എഫ്. ഭരണത്തിൽ നടന്നു. എൽ.ഡി.എഫ്. ഭരണത്തിന്റെ 48 മാസത്തിനകം വർഗ്ഗീയ സംഘർഷങ്ങളുടെ എണ്ണം കേവലം 67 ആയി കുറഞ്ഞു.

4. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയാൻ വിപുലമായ സംവിധാനം

സ്ത്രീകൾക്കെതിരായ അക്രമങ്ങൾ ചെറുക്കുന്നതിന് ശക്തമായ നടപടികൾ ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സ്ത്രീകളുടെ മേലുള്ള അതിക്രമങ്ങൾ സത്വരമായും ശ്രദ്ധയോടും അന്വേഷിക്കുന്നതിന് ഒരു വനിതാ സെല്ലും എല്ലാ ജില്ലകളിലും പ്രത്യേകം വനിതാ സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി പണ്ട് പോലീസ് സ്റ്റേഷനിൽ പോയി പരാതി പറയാൻ ധൈര്യം കാണിക്കാത്ത സ്ത്രീകൾ ഇന്ന് അവരുടെ പരാതികളുമായി ഭയമില്ലാതെ മുന്നോട്ടു വന്നുതുടങ്ങിയിട്ടുണ്ട്.

5. പിന്നോക്ക വിഭാഗങ്ങളെ സംരക്ഷിക്കുവാൻ നടപടി

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലെ സ്കാഡുകൾ ഓരോ ഡി.വൈ.എസ്.പി.യുടെ കീഴിലാക്കിയിട്ടുണ്ട്. ലഭിക്കുന്ന പരാതികളിന്മേൽ കാര്യക്ഷമമായ നടപടി എടുത്തുവരുന്നു. പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ കർശന നടപടികളിലൂടെ ഏറ്റവും കുറയ്ക്കാൻ കഴിഞ്ഞ സംസ്ഥാനം ഇപ്പോൾ കേരളമാണ്.

6. പതിനായിരം പേർക്ക് പുതുതായി പി.എസ്.സി. മുഖേന നിയമനം

പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 5000 ത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖേന 9000 പുരുഷന്മാരേയും 900 വനിതകളേയും നിയമിക്കുവാൻ നടപടി സ്വീകരിച്ചു. 6684 പേരുടെ പരിശീലനം പൂർത്തിയായി. 2402 പേർക്ക് നിയമനം നൽകുവാൻ നടപടി പൂർത്തിയാവുന്നു.

വനിതകളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പി.എസ്.സി. നടപടികൾ പൂർത്തിയായിവരുന്നു.

300-ഓളം സബ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന് പി.എസ്.സി. എഴുത്ത് പരീക്ഷ നടത്തിക്കഴിഞ്ഞിട്ടുണ്ട്.

3000 പേരടങ്ങുന്ന കേരള റൈഫിൾസ് രൂപീകരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7. ജനങ്ങൾക്കു വേണ്ടി പോലീസിന്റെ സേവനം ആധുനീകരിച്ചു.

പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് ഒട്ടനവധി ആധുനിക സംവിധാനങ്ങൾ ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. പരാതിക്കാരന്റെ പേര് വെളിപ്പെടുത്താതെ പരാതി പറയുവാൻ കഴിയുന്ന ക്രൈം സ്റ്റോപ്പർ സംവിധാനം, എഫ്.ഐ.ആർ.ന്റെ കോപ്പി പരാതിക്കാരന് നേരിട്ടും തപാൽ മാർഗ്ഗവും അയച്ചുകൊടുക്കുന്ന സംവിധാനം നഗരങ്ങളിൽ വിവിധ പേരുകളിൽ പുതിയ പട്രോളിംഗ് സംവിധാനം തുടങ്ങി നിരവധി പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരം സംവിധാനങ്ങൾ പഠിച്ച് നടപ്പിലാക്കുവാൻ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു നാം ഇവിടെ ചെയ്ത നല്ല കാര്യങ്ങൾക്കുള്ള അംഗീകാരം തന്നെയാണ്.

8. പോലീസുകാർക്ക് 8 മണിക്കൂർ ജോലി സമയം

ദേശീയ പോലീസ് കമ്മീഷൻ നിർദ്ദേശിക്കുകയും ദീർഘകാലമായി ഉന്നയിക്കപ്പെടുകയും ചെയ്യുന്ന കാര്യമാണ് പോലീസുകാരുടെ ജോലി സമയം 8 മണിക്കൂർ ആക്കുക എന്നത്. വമ്പിച്ച സാമ്പത്തികബാധ്യത ഏറ്റെടുത്തു കൊണ്ട് മാത്രമേ ഈ കാര്യം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. പരീക്ഷണാടിസ്ഥാനത്തിൽ 72 പോലീസ് സ്റ്റേഷനുകളിൽ കോൺസ്റ്റബിൾമാരുടെ ജോലിസമയം 8 മണിക്കൂർ ആക്കിയിട്ടുണ്ട്.

9. വാഹന അപകടങ്ങൾ കുറക്കാൻ നടപടികൾ

ജനങ്ങളെ ഏറെ ഭയപ്പെടുത്തുന്ന രീതിയിൽ വാഹന അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടെ ക്രമാതീതമായ വർദ്ധനവ്, ട്രാഫിക്ക് നിയമം ലംഘിച്ചുള്ള വാഹനമോടിക്കൽ, റോഡുകളുടെ തകരാറുകൾ എന്നിവ അപകടങ്ങളുടെ പ്രധാന കാരണമാണ്.

അപകടങ്ങൾ തടയുന്നതിനുവേണ്ടി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഒരു ഐ.ജി.പി.യുടെ നേതൃത്വത്തിൽ പോലീസ് സംവിധാനം കൂടുതൽ വിപുലീകരിച്ചിട്ടുണ്ട്. വാഹന അപകടങ്ങളുടെ എണ്ണത്തിൽ കുറവ് വന്നു തുടങ്ങിയിട്ടുണ്ട്. അപകടങ്ങൾ തടയുന്നതിന് കൂടുതൽ ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കും.

10. അഴിമതിക്കെതിരായ നടപടികൾ

സർക്കാർ സർവ്വീസിൽ നിലനിൽക്കുന്ന അഴിമതി ഇല്ലാതാക്കാൻ എൽ. ഡി.എഫ്. സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. അഴിമതിക്കെതിരായി ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോവിനെ ശക്തിപ്പെടുത്തി. എല്ലാ വകുപ്പിലും വകുപ്പ് തല വിജിലൻസ് സംവിധാനം പുനഃസംഘടിപ്പിച്ചു. ഇതിനുപുറമെ ലോകായുക്ത് നിയമം നടപ്പിലാക്കുകയും ലോകായുക്ത് സംവിധാനം ഫലപ്രദമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ സർവ്വീസിൽനിന്നും അഴിമതി തുടച്ചു നീക്കുന്നതിനുവേണ്ടി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തും.

LIBRARY ARCHIVES Kerala Legislative Assembly

11. ജയിലുകൾ, ഫയർഫോഴ്സ്

ജയിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തടവുകാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആധുനിക സംവിധാനങ്ങൾ, തടവുകാരുടെ വേതന വർദ്ധനവ്, കുടിവെള്ളമെത്തിക്കൽ സംവിധാനം, പുതിയ തൊഴിൽ പരിശീലനം തുടങ്ങി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജസ്റ്റിസ് ചന്ദ്രശേഖരമേനോന്റെ അദ്ധ്യക്ഷതയിലുള്ള പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 982 തടവുകാരെയും ജയിൽ ഉപദേശക സമിതികളുടെ ശുപാർശ പ്രകാരം 123 പേരെയും അടക്കം മൊത്തം 1105 തടവുകാരെ വിട്ടയിച്ചിട്ടുണ്ട്. ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പുതിയവ ആരംഭിക്കുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ അനുമതി നൽകി. അതിൽ 7 ഫയർസ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. പി.എസ്.സി. മുഖേന പുതിയതായി 2089 പേരെ ഫയർ ഫോഴ്സിൽ നിയമിച്ചിട്ടുണ്ട്.

12. പുതിയ പദ്ധതികൾ

1. പോലീസുകാരുടെ ജോലിഭാരം കണക്കിലെടുത്തുകൊണ്ട് ഓരോ പോലീസുകാരനും പ്രതിമാസം 30 രൂപ ലോങ്ങ് ഡ്യൂട്ടി അലവൻസ് അനുവദിക്കുന്നതാണ്.
2. ജോലിക്കിടയിൽ പരിക്ക് പറ്റുന്ന പോലീസുകാരന് ഏറ്റവും അടുത്ത ആശുപത്രിയിൽ ചികിത്സ ലഭ്യമാക്കുന്നതിനു വേണ്ടി സ്വകാര്യ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടാലും ചികിത്സാ ചെലവ് നൽകുന്നതിന് നടപടി സ്വീകരിക്കും.
3. വാഹന അപകടങ്ങൾ തടയുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി തിരുവനന്തപുരം,കൊച്ചി, കോഴിക്കോട് എന്നിവക്ക് പുറമെ തൃശ്ശൂർ, പാലക്കാട്, എറണാകുളം (ആലുവ), കോട്ടയം, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ പുതുതായി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ ആരംഭിക്കും.

ജനകീയ പോലീസിംഗ് പദ്ധതി

പോലീസിന്റെ പ്രവർത്തനം ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുത്തുന്നതിന് ഉതകുന്ന ജനകീയ പോലീസിംഗ് പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ രാഷ്ട്രീയനേതാക്കളുടെയും അക്കാദമിക് വിദഗ്ദ്ധന്മാരുടേയും ഭരണകർത്താക്കളുടെയും അഭിപ്രായങ്ങൾ ലഭിച്ചിട്ടുണ്ട്.

ചർച്ചകളിൽ നിരവധി പുതിയ ആശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ജനകീയ പോലീസിംഗ് പദ്ധതിക്ക് അന്തിമരൂപം നൽകും.

കേരളത്തിലെ സ്ഥിതിഗതികളെക്കുറിച്ച് നാം വിലയിരുത്തുമ്പോൾ ഇന്ത്യയുടെ പലഭാഗത്തും നിലനിൽക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം നാം കാണാതിരുന്നിട്ട് കാര്യമില്ല.

മതേതര ഇന്ത്യ എന്ന സങ്കല്പം തകർക്കും വിധമാണ് മതന്യൂനപക്ഷങ്ങൾക്ക് എതിരായ അക്രമം നടന്നുവരുന്നത്. ഒറീസ്സയിലും മദ്ധ്യപ്രദേശിലും ഗുജറാത്തിലും ഇപ്പോൾ ആന്ധ്രയുടേയും തമിഴ്നാടിന്റെയും വിവിധ ഭാഗങ്ങളിൽപോലും ത്രിസ്ത്യൻ പുരോഹിതന്മാരും കന്യാസ്ത്രീകളും അവരുടെ സ്ഥാപനങ്ങളും ആക്രമിക്കപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്./ബി.ജെ.പി. അനുഭാവികളും പ്രവർത്തകരുമാണ് മത വികാരം ഇളക്കിവിടുന്നതിന് വേണ്ടി ഇത്തരം അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന രഹസ്യ അജണ്ടയാണ് ഇന്ത്യൻ മതേതരത്വം തകർക്കുക എന്നത്.

ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളെ പരിഭ്രാന്തരാക്കാനും അവർക്കെതിരെ ഹിന്ദുക്കളെ തിരിച്ചുവിട്ട് ധ്രുവീകരണമുണ്ടാക്കി രാഷ്ട്രീയ മുതലെടുപ്പു നടത്താനുമുള്ള ആസൂത്രിതമായ പദ്ധതിയാണ് ബി.ജെ.പി.യും സംഘപരിവാറും നടത്തിവരുന്നത്.

ഡൽഹിക്കടുത്തുള്ള പള്ളിയിൽ നിന്നു ബൈബിൾ എടുത്ത് തീവെക്കുകയും, പ്രാർത്ഥനായോഗങ്ങൾ അലങ്കോലപ്പെടുത്തിയും ആരംഭിച്ച ഈ പ്രക്രിയ ഏറ്റവും ഒടുവിൽ ക്രൈസ്തവ മതവിശ്വാസികളായ വൈദികരെ നിഷ്ഠുരമായി കൊലചെയ്യുന്നിടത്തെത്തി നിൽക്കുന്നു.

ആദ്യഘട്ടത്തിൽ തന്നെ സർക്കാർ ശക്തമായ നടപടികൾ എടുക്കുന്നതിൽനിന്ന് ഒഴിഞ്ഞുനിന്നു. ആ മൗനസമ്മതമാണ് നിരവധി പേരുടെ ജീവനൊടുക്കുന്ന തലത്തിലേക്ക് സംഘപരിവാറിന്റെ വർഗ്ഗീയഭ്രാന്ത് വളർത്തിയത്.

മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഭയാനകമായ സാഹചര്യമാണ് ഉത്തരേന്ത്യയിലും ആന്ധ്രപ്രദേശിലും മറ്റും ഇന്നു നിലനിൽക്കുന്നത്. ഈ ജൂൺ മാസത്തിലാണ് യു.പി.യിലെ നവാഡയിലുള്ള പോൾസ് മെമ്മോറിയൽ സ്കൂളിലെ അധ്യാപകനായ ബ്രദർ ജോർജ്ജ് കുഴിക്കണ്ടത്തിനെ കൊലപ്പെടുത്തിയത്. ആ സംഭവത്തിന്റെ സാക്ഷിയായ വിജയ് എക്ക എന്നയാൾ പോലീസ് കസ്റ്റഡിയിലും മരണമടഞ്ഞു.

ഇതേ മാസത്തിൽ തന്നെയാണ് ഗോവ, കർണ്ണാടക, ആന്ധ്ര എന്നിവിടങ്ങളിലായി ഒരേ സമയം നാലു പള്ളികളിൽ ബോംബുവെച്ചത്. ഗോവയിലെ വാസ്കോ ടൗൺ, കർണ്ണാടകത്തിലെ പാടി, ആന്ധ്രയിലെ ഒങ്കോള, ടാഡേഗുഡം എന്നിവിടങ്ങളിലെ പള്ളികളിലുണ്ടായ ബോംബു സ്ഫോടനത്തിൽ ഡസൻ കണക്കിനാളുകൾക്കു പരിക്കേറ്റു. ഒരേ രീതിയിലുള്ള ബോംബു സ്ഫോടനങ്ങളാണിവിടെയൊക്കെ നടന്നത് എന്ന് അന്വേഷണത്തിൽ തെളിഞ്ഞു. ആസൂത്രിതമായി ചെയ്യുന്നതാണിതെല്ലാമെന്നതിനു തെളിവുകൾ ഏറെയാണ്. പക്ഷെ, ഈ പദ്ധതി നടപ്പാക്കുന്നവരെ പിടികൂടാൻ കേന്ദ്രീകൃതമായ ഒരു നടപടിയും ബി.ജെ.പി. ഗവൺമെന്റ് എടുത്തിട്ടില്ല.

ആന്ധ്രയിലെ മഹാബലി പട്ടണത്തിൽ പ്രാർത്ഥനായോഗം നടന്നുകൊണ്ടിരിക്കെ ബോംബു പൊട്ടിയതിനെത്തുടർന്നു മുപ്പതു പേർക്കാണു പരിക്കേറ്റത്. മിഷാബാദ് പള്ളിയിൽ പൊട്ടുന്നതിനുമുമ്പു ബോംബു കണ്ടെത്തിയതുകൊണ്ട് കൂട്ടമരണം ഒഴിവായി.

ഉത്തരേന്ത്യയിൽ പലയിടത്തും സംഘപരിവാർ ക്രിസ്ത്യൻ-മുസ്ലീം വിഭാഗങ്ങൾക്കെതിരെ വിദ്വേഷം പടർത്താനുള്ള ലഘുലേഖകൾ അച്ചടിച്ചു വിതരണം ചെയ്യുകയാണ്. വെറുപ്പിന്റെ ഈ വർഗ്ഗീയ രാഷ്ട്രീയമാണ് ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ രണ്ടു പിഞ്ചു കുഞ്ഞുങ്ങളെയും തീകൊളുത്തിക്കൊല്ലാനുള്ള നിഷ്ഠുരതയിലേക്കു സംഘപരിവാർ ശക്തികളെ എത്തിച്ചത്. 1999 ജനുവരി 23-നാണ് ലോക മനഃസാക്ഷിയെ ഞെട്ടിച്ച ആ ദാരുണസംഭവമുണ്ടായത്. അതിനുശേഷവും ന്യൂനപക്ഷ വിരുദ്ധ ആക്രമണങ്ങൾ സംഘടിതമായി നടക്കുന്നു എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ബ്രദർ ജോർജിനെ വധിച്ച സംഭവത്തിൽനിന്നും ഒറീസയിലെ ഫാദർ അരുൾദാസിനെ അമ്പെയ്തുകൊന്നതിൽ നിന്നുമൊക്കെ തെളിയുന്നത്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും പരക്കെ ന്യൂനപക്ഷ വിഭാഗങ്ങളിൽ പരിഭ്രാന്തി പടരുകയാണ്. കന്യാസ്ത്രീ മഠങ്ങൾ ആക്രമിക്കുന്നതും കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തുന്നതുമെല്ലാം ആസൂത്രിതമായ മതവിദ്വേഷപദ്ധതിയുടെ ഭാഗമാണ്.

കഴിഞ്ഞ ജനുവരിക്കും ഈ ജൂണിനുമിടക്ക് മുപ്പത്തഞ്ചു കേന്ദ്രങ്ങളിൽ ഇത്തരം കടുത്ത ആക്രമങ്ങൾ നടന്നതായാണ് കണക്ക്. ഇത്തരമൊരു അവസ്ഥ ഇന്ത്യയുടെ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ല.

ഉത്തരേന്ത്യയിൽ കോൺഗ്രസ്-ബി.ജെ.പി. വ്യത്യാസമില്ലാതെ ഇരുകൂട്ടരുടെയും ഭരണത്തിൻകീഴിൽ ഇത്തരം ആക്രമണങ്ങൾ നടക്കുന്നു. വിശ്വപ്രശസ്ത ചിത്രകാരനായ എം.എഫ്. ഹുസൈന്റെ ചിത്രപ്രദർശനത്തെ ആക്രമിച്ചതും ദീപാമേത്തയുടെ ചലച്ചിത്ര ചിത്രീകരണസ്ഥലത്ത് ആക്രമണം നടത്തിയതുമെല്ലാം വർഗ്ഗീയ വിദ്വേഷം ആളിപ്പടരുന്നതിന്റെ ദൃഷ്ടാന്തങ്ങളാണ്.

മനുഷ്യത്വമില്ലാത്ത വർഗ്ഗീയതയുടെ കാട്ടുതീ ഇങ്ങനെ പലയിടത്തും പടരുമ്പോൾ ഇവിടെ, ഈ കേരളത്തിൽ മതന്യൂനപക്ഷങ്ങൾക്കു സർവ്വസുരക്ഷിതത്വവും സമാധാനവും ഉറപ്പുവരുത്താൻ കഴിയുന്നു. ഒരുവിധ ആശങ്കയും ഇവിടെ മതന്യൂനപക്ഷത്തിനുണ്ടാവില്ല എന്ന് ഉറപ്പുവരുത്താൻ പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ഇവിടെ ഭരണം നടത്തുന്നത്. അതുകൊണ്ടുതന്നെയാണ് കേരളത്തിന്റെ അതിർത്തിക്കപ്പുറത്തുള്ള അയൽപ്രദേശങ്ങളിൽ വർഗ്ഗീയ കലാപം പടർന്നപ്പോഴും ഇവിടെ ശാന്തിയുടെ ദിനങ്ങൾ നിലനിർത്താൻ കഴിഞ്ഞത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്ത്യാ പാക്കിസ്ഥാൻ വിഭജനശേഷം ഉണ്ടായ ഏറ്റവും മൂക്ഷമായ വർഗ്ഗീയ കലാപങ്ങളും സംഘർഷവുമാണ് ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനെ തുടർന്നുണ്ടായത്. മുസ്ലീം മതവിശ്വാസികൾക്ക് എതിരെ ഒരുഭാഗത്തും ക്രിസ്ത്യൻ മതവിശ്വാസികൾക്കെതിരെ മറുഭാഗത്തുമായി സംഘടിത ആക്രമങ്ങൾ ആർ.എസ്.എസ്./ബി.ജെ.പി. സംഘങ്ങൾ നടത്തുകയാണ്. ഇതിനെതിരെ മതേതരവിശ്വാസികളാകെ ഒറ്റക്കെട്ടായി അണിനിരക്കേണ്ടതുണ്ട്.

ബി.ജെ.പി./ആർ.എസ്.എസ്. സംഘപരിവാർ ശക്തികൾ അവരുടെ ആക്രമണത്തിലെ ലക്ഷ്യം പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഏറ്റവും ആദ്യം കമ്മ്യൂണിസ്റ്റുകാരെ ഇല്ലായ്മ ചെയ്യണം.

രണ്ടാമത് മതന്യൂനപക്ഷങ്ങളെ ഇല്ലായ്മ ചെയ്യണം

മൂന്നാമത് മതേതര വിശ്വാസികളെ ഇല്ലായ്മ ചെയ്യണം.

അതുവഴി ഒരു മതരാഷ്ട്രമായി ഇന്ത്യയെ മാറ്റണം. ഈ ഗൂഢപദ്ധതിയെ പരാജയപ്പെടുത്തിയല്ലാതെ ഇന്ത്യക്ക് നിലനിൽപ്പില്ല. ഇന്ത്യൻ മതേതരത്വവും ജനാധിപത്യവും നിലനിൽക്കില്ല.

സംഘപരിവാർ വർഗ്ഗീയ ശക്തികളുടെ നിഗൂഢപദ്ധതികൾക്കെതിരായി വ്യത്യസ്ഥ മതവിശ്വാസികളും മതേതര വിശ്വാസികളും ഒറ്റക്കെട്ടായി അണി നിരന്നുകൊണ്ടു മാത്രമേ ഇന്നത്തെ ആപത്തിൽ നിന്നും ഇന്ത്യയെ രക്ഷിക്കാനാവൂ.

ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1180/2010.

LIBRARY ARCHIVES Kerala Legislative Assembly

48 മാസത്തെ യു.ഡി.എഫ്., എൽ.ഡി.എഫ്. ഭരണത്തിലെ ക്രമസമാധാന സംഭവങ്ങളുടെ താരതമ്യം

	യു.ഡി.എഫിന്റെ ആദ്യത്തെ 48 മാസം	എൽ.ഡി.എഫിന്റെ ആദ്യത്തെ 48 മാസം
പോലീസ് വെടിവെപ്പ്	109	23 (ആകാശത്തേയ്ക്ക്)
പോലീസ് വെടിവെപ്പിൽ മരിച്ചവരുടെ എണ്ണം	14	ഇല്ല
പോലീസ് വെടിവെപ്പിൽ മാരകമായി പരിക്കുപറ്റിയവർ	120	ഇല്ല
വർഗ്ഗീയകലാപങ്ങളിൽ മരിച്ചവരുടെ എണ്ണം	33 (18 ഹിന്ദു, 14 മുസ്ലീം, 1 ക്രിസ്ത്യാനി)	ഇല്ല
വർഗ്ഗീയസംഘടനങ്ങളുടെ എണ്ണം	1176	67
രാഷ്ട്രീയ കൊല പാതകങ്ങൾ	71	53
രാഷ്ട്രീയ സംഘട്ടനങ്ങൾ	4448	3152

LIBRARY ARCHIVES Kerala Legislative Assembly